**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5652** **08-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്കിടയിലെ മൊബൈൽ ഫോൺ ഇന്റർനെറ്റ് ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കുട്ടികൾക്കിടയിലെ മൊബൈൽ ഫോൺ/ ഇന്റർനെറ്റ് ദുരുപയോഗത്തെ തുടർന്ന് എത്ര കുട്ടികൾ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (25.05.2016 മുതൽ 30.06.2024 വരെ) കുട്ടികൾക്കിടയിലെ മൊബൈൽ ഫോൺ / ഇന്റർനെറ്റ് ദുരുപയോഗത്തെ തുടർന്ന് സംസ്ഥാനത്ത് 38 കുട്ടികൾ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ഇന്റർനെറ്റ് ദുരുപയോഗത്തിലൂടെ കുറ്റകൃത്യങ്ങളിലേക്ക് എത്തിച്ചേർന്ന എത്ര കുട്ടികളെ കണ്ടെത്തി പോലീസ് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത കാലയളവിലെ ഇന്റർനെറ്റ് ദുരുപയോഗത്തിലൂടെ സംസ്ഥാനത്ത് കുറ്റകൃത്യങ്ങളിലേക്ക് എത്തിച്ചേർന്ന 14 കുട്ടികളെ കണ്ടെത്തി നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഓൺലൈൻ ദുരുപയോഗത്തിൽപ്പെട്ട കുട്ടികൾക്കും ഓൺലൈൻ അതിക്രമങ്ങൾക്ക് ഇരയായ കുട്ടികൾക്കും കൗൺസിലിംഗ് നൽകുന്നതിനും ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ അവബോധം സൃഷ്ടിച്ചെടുക്കുന്നതിനും അതുവഴി സുരക്ഷിത ഇന്റർനെറ്റിന്റെ സാധ്യതകൾ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിനും വേണ്ടി സംസ്ഥാനത്ത് 6 De-Addiction (D-DAD) സെന്ററുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി എന്നീ പോലീസ് ജില്ലകളിൽ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ